## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 936 — 10.02.2016 -ലെ മറുപടിക്ക്.

## തൊഴിലാളികൾക്ക് സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. സി.പി.മുഹമ്മദ് :**<br>**ശ്രീ. എം.എ. വാഹീദ്**<br>**ശ്രീ.പി.സി വിഷ്ണുനാഥ്**<br>**ശ്രീ. ലൂഡി ലൂയിസ്** | **ശ്രീ. ഷിബു ബേബി ജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്തെ തൊഴിലാളികൾക്ക് സംരക്ഷണം നൽകാനുള്ള എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; | (എ) തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്‌ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്‌സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 16.9.2015 തീയതി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടു ണ്ട്. സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പ ദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പയലറ്റ് പദ്ധതിയായി നടന്നുവരുന്നു. ഇതിന്റെ ഭാഗമായി മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപനം 08.07.2015 ാം തീയതിയിൽ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പു ഉദ്യോഗസ്ഥർ സമയബന്ധിതമായി പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.<br><br>1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേ) നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ടി ടി നിയമത്തിലെ വിവിധ സെക്ഷനുകൾക്ക് ഭേദഗതി വരുത്തുന്നതിനുള്ള കരട് ശുപാർശ സർക്കാരിന്റെ പരിഗണനയിലുമാണ്. |

തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജുഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 2011 മുതൽ 2014 വരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ 5 പുതിയ തൊഴിൽ മേഖലകളിൽക്കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 41 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ മിനിമം വേതന അഡ്വൈസറി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനായി തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തി വരുന്നു. 2014 ൽ വിവിധ തൊഴിൽ നിയമ പ്രകാരമുള്ള പരിശോധന നടത്തിയതിൽ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് വഴി തൊഴിലാളികൾക്ക്, ദൈനംദിന ജീവിതത്തിനുള്ള കൂലി ലഭിക്കുവാൻ കഴിയും. കൂടുതൽ മേഖലകളെ മിനിമം കൂലി നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയും ,അവർക്കായി കൂലി നിശ്ചയിക്കുന്നതു വഴി കൂടുതൽ വിഭാഗം തൊഴിലാളികൾക്കു കൂടി മിനിമം കൂലിയുടെ പരിരക്ഷ നൽകാൻ കഴിയും. കൂടാതെ വേതന സുരക്ഷാപദ്ധതി നടപ്പിൽ വരുത്തിയതു മൂലം, ജീവനക്കാർക്ക് അവരുടെ ശമ്പളം കൃത്യമായി അറിയുവാനും, ഇടനിലക്കാരെ ഒഴിവാക്കി മുഴുവൻ ശമ്പളവും ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുവാനും കഴിയും. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം? | (സി)സ്വകാര്യമേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുന്നുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് |

ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമലംഘനം നടത്തുന്ന സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ ക്ലെയിം പെറ്റീഷനുകളും പ്രോസിക്യൂഷനുമുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാനവ്യാപകമായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

| Inspections, Prosecutions and Convictions of Various Labour Laws for the Period 2014-15 | | | | |
|---|---|---|---|---|
| Sl. No | Name of Enactments | No. of Inspections | Prosecutions | Convictions |
| 1 | Kerala Shops & Commercial Establishments Act 1960 | 62453 | 1520 | 1194 |
| 2 | Minimum Wages Act, 1948 | 39739 | 1504 | 1224 |
| 3 | Kerala Industrial Establishments (N&F) Holidays Act 1958 | 5955 | 51 | 16 |
| 4 | Contract Labour (Regulation & Abolition) Act, 1970 | 1961 | 18 | 9 |
| 5 | Maternity Benefit Act 1961 | 5708 | 123 | 66 |
| 6 | Inter State Migrant Workers (Regulation of Employment & Conditions of Service) Act, 1979 | 1724 | 0 | 0 |

സെക്ഷൻ ഓഫീസർ